കേരള വനം വകുപ്പ്
കോട്ടൂർ ആന പുനരധിവാസ കേന്ദ്രം
(കിഫ്ബി പ്രോജക്ട്)

No.SPV 01/2026

തീയതി: 24.02.2026

# സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു

കോട്ടൂരിൽ പ്രവർത്തിച്ചുവരുന്ന ആന പുനരധിവാസ കേന്ദ്രത്തിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**പൊതുവായ വിവരങ്ങൾ**

1. വിദ്യാഭ്യാസ യോഗ്യതകൾ, മുൻ ജോലി പരിചയം, പ്രായ പരിധി, കരാർ വേതനം, നിയമന കാലാവധി, അപേക്ഷ ഫോറം എന്നിവ ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്.
2. **തെരഞ്ഞെടുപ്പ് രീതി:** അപേക്ഷകരിൽ പ്രാഥമികമായി എല്ലാ യോഗ്യതകളും ഉള്ളവരുടെ ചുരുക്കപട്ടിക തയ്യാറാക്കും. ഇവരിൽനിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തും.
3. അപേക്ഷ സമർപ്പിക്കേണ്ട വിധം : അപേക്ഷാ ഫോറം ഈ പരസ്യത്തിന്റെ അനുബന്ധമായി കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം പത്ര മാധ്യമങ്ങളിലൂടെ അറിയിച്ചിട്ടുണ്ട്. വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന അപേക്ഷ പൂരിപ്പിച്ച്, ഫോട്ടോ, സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ എന്നിവ സഹിതം കവറിലടച്ച താഴെ പറയുന്ന അഡ്രസ്സിൽ അയക്കണം. അപേക്ഷകൾ നേരിട്ടും errckottoor@gmail.com എന്ന ഇമെയിലിലും സ്വീകരിക്കുന്നതാണ്. സർട്ടിഫിക്കറ്റുകളുടെ അസ്സൽ അഭിമുഖ സമയത്ത് ഹാജരാക്കണം.

**കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്**
**അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്**
**ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്**
**വഴുതക്കാട് പി.ഒ**
**തിരുവനന്തപുരം 695014, കേരളം**
ഇമെയിൽ errckottoor@gmail.com

4. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 10.03.2026 വൈകുന്നേരം 5 മണി വരെ ആണ്. താമസിച്ച ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

യോഗ്യതകൾ

1. **വിദ്യാഭ്യാസ യോഗ്യത :** എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

2. **മറ്റു യോഗ്യതകൾ:** ആർമി/നേവി/എയർ ഫോഴ്സ് എന്നീ വിഭാഗങ്ങളിൽ 10 വർഷത്തിൽ കുറയാത്ത മിലിറ്ററി സേവനം

3. **പ്രായം:** അപേക്ഷകന് 2026 ജനുവരി 1 ന് 55 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതല്ല.

4. **ഒഴിവുകൾ :** 1 (ഒന്ന്)

5. **വേതനവും നിയമന കാലാവധിയും :** കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 22240/- (ഇരുപത്തി രണ്ടായിരത്തി ഇരുന്നൂറ്റി നാല്പത് രൂപ) ആയിരിക്കും.

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്
അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ
&
എസ്.പി.വി. -യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

# ആന പുനരധിവാസ കേന്ദ്രം, കോട്ടൂർ

സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാ ഫോറം.

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2. | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4. | മൊബൈൽ നമ്പർ | |
| 5. | ഇ-മെയിൽ ഐ.ഡി (ഉണ്ടെങ്കിൽ) | |
| 6. | ജനന തീയതിയും 01.01.2026 ലെ പ്രായവും | |
| 7. | നിലവിലെ വിദ്യാഭ്യാസ യോഗ്യത | |
| 8. | വിദ്യാഭ്യാസ യോഗ്യത രേഖ | |
| 9. | പഠിച്ച വിദ്യാലയത്തിന്റെ പേരും അഡ്രസ്സും | |
| 10. | മിലിറ്ററി സർവ്വീസ് ചെയ്ത സേന വിഭാഗം (ആർമി/നേവി/ എയർ ഫോഴ്സ്) | |
| 11. | മിലിറ്ററി സർവ്വീസ് കാലവും, (എന്നു മുതൽ എന്നു വരെ) ആകെ സേവന ദൈർഘ്യവും (വർഷത്തിൽ) | |
| 12. | മിലിറ്ററി സർവ്വീസിൽ നിന്നും വിട്ടുതൽ ചെയ്യുവാനുണ്ടായ സാഹചര്യം | |

| | | |
|---|---|---|
| 13. | ഇപ്പോൾ ചെയ്യുന്ന ജോലി | |
| 14. | ആന പുനരധിവാസ കേന്ദ്രത്തിൽ സെക്യൂരിറ്റി ഗാർഡായി ജോലിക്ക് അപേക്ഷിക്കുവാനുള്ള കാരണം. | |

*നോട്ട്:*

1. *ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*
2. *മിലിറ്ററി സർവ്വീസ് വ്യക്തമാക്കുന്ന രേഖയുടെ / സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി.*

## സത്യപ്രസ്താവന

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്
തീയതി